(സി)

1. നാളികേര വികസന ബോർഡിൽ നിന്നും ലഭ്യമായ കണക്കുകൾ പ്രകാരം ഇതുവരെ 73476 തെങ്ങുകൾ 3 ജില്ലകളിലായി വെട്ടിമാറ്റുകയും 5.927 കോടി രൂപ സബ്സിഡിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

2. കൂടാതെ പുനരുദ്ധാരണത്തിനായി 1.53 കോടി രൂപയുടെ കാർഷിക സാമഗ്രിയും വിതരണം ചെയ്തു.

(ഡി) 2010-2011 വർഷത്തിൽ പുതിയതായി 18 ബ്ലോക്കുകളിലെ 108 പഞ്ചായത്തുകളിൽ പദ്ധതി ആരംഭിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിലെ ചെട്ടിവിളാകം, വാമനപുരം, പുളിമാത്ത്, കാട്ടാക്കട, നെടുമങ്ങാട്, പള്ളിച്ചൽ എന്നീ ബ്ലോക്കുകളിലെ പഞ്ചായത്തുകളിലും കൊല്ലം ജില്ലയിലെ ഇരവിപുരം, കൊല്ലം, കുണ്ടറ, ശാസ്താംകോട്ട, കൊട്ടാരക്കര, ചാത്തന്നൂർ ബ്ലോക്കുകളിലെ പഞ്ചായത്തു പ്രദേശത്തും തൃശ്ശൂർ ജില്ലയിലെ മാള, കൊടുങ്ങല്ലൂർ, മതിലകം, തളിക്കുളം, വെള്ളാങ്കല്ലൂർ, ചേർപ്പ് ബ്ലോക്കുകളിലെ പഞ്ചായത്തുകളിലും പദ്ധതി നടപ്പാക്കുന്നതാണ്. നടപ്പുവർഷം 690 ലക്ഷം രൂപ ചെലവഴിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

കോലിഞ്ചി കൃഷി

211 (5630) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ കോലിഞ്ചി കൃഷി ഏതൊക്കെ ജില്ലകളിലാണുള്ള തെന്ന് വെളിപ്പെടുത്തുമോ ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷം കോലിഞ്ചി കയറ്റി അയച്ചതുമൂലം ലഭിച്ച വിദേശ നാണ്യത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) കോലിഞ്ചിക്ക് വില സ്ഥിരത ഉണ്ടാക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കാർഷിക ഉൽപ്പന്ന പട്ടികയിൽ കോലിഞ്ചിയെ ഉൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ; മറ്റ് കൃഷിക്കാർക്ക് നൽകുന്നതുപോലെ വി.എഫ്.പി.സി.കെ.യുടെ ധനസഹായം കോലിഞ്ചി കൃഷിക്കാർക്ക് നൽകാതിരിക്കുന്നതിന്റെ കാരണം വ്യക്തമാക്കുമോ ;

(ഇ) ധനസഹായം നൽകുന്നുവെങ്കിൽ ഇതിനായുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(എഫ്) നൂറുശതമാനം കയറ്റുമതി സാദ്ധ്യതയുള്ള കോലിഞ്ചി കൃഷിക്ക് ധനസഹായം നൽകി കൃഷി വ്യാപിപ്പിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിൽ പ്രധാനമായും പത്തനംതിട്ട, വയനാട് ജില്ലകളിലാണ് കോലിഞ്ചി കൃഷി ചെയ്യുന്നത്.

(ബി) ഇക്കാര്യത്തിലുള്ള സ്ഥിതി വിവരക്കണക്കുകൾ ലഭ്യമല്ല.

(സി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ഡി) പഴം, പച്ചക്കറികളുടെ വികസനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനമാണ് വി.എഫ്.പി.സി.കെ. കോലിഞ്ചി, പഴം പച്ചക്കറികളുടെ നിർവ്വചനത്തിൽ ഉൾപ്പെടാത്തതിനാലും ഒരു ഔഷധ സസ്യമായി കണക്കാക്കുന്നതിനാലുമാണ് വി.എഫ്.പി.സി.കെ. യുടെ സഹായം കോലിഞ്ചി കൃഷിക്കാർക്ക് ലഭിക്കാത്തത്.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

(എഫ്) സംസ്ഥാന ഹോർട്ടികൾച്ചർ മിഷനും ദേശീയ ഔഷധ സസ്യ മിഷനും ആവശ്യപ്പെട്ടത് പ്രകാരം കോലിഞ്ചി എന്ന പേരിൽ അറിയപ്പെടുന്ന അൽപീനിയ ഗലങ്ക (അരണ), അൽപീനിയ കൽകരേറ്റ (ചിറ്റരത്ത) എന്നീ വിളകളെ അംഗീകൃത പട്ടികയിൽ ഉൾപ്പെടുത്തുവാൻ ദേശീയ ഔഷധ സസ്യബോർഡ് അനുവാദം നൽകിയിട്ടുണ്ട്. ഈ വിളകളുടെ കൃഷി പ്രോത്സാഹനം തുടങ്ങിയ കാര്യങ്ങളിൽ ദേശീയ ഔഷധ സസ്യ ബോർഡിന്റെ തീരുമാനം ഇതുവരെ അറിവായിട്ടില്ല.

കരയാമ്പു കൃഷി

212 (5631) ശ്രീ. സൈമൺ ബ്രിട്ടോ റോഡ്രിഗ്സ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ കരയാമ്പു കൃഷി വ്യാപകമാക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഈ കൃഷിക്ക് പ്രോത്സാഹനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

നടപടി സ്വീകരിച്ചിട്ടുണ്ട്. ദേശീയ ഹോർട്ടികൾച്ചർ മിഷൻ എന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം 2010-11 സാമ്പത്തിക വർഷത്തിൽ കരയാമ്പു കൃഷിവ്യാപനത്തിന് ഹെക്ടറൊന്നിന് 20,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly